Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

# GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാതല കേരളോത്സവം 2011 - നടത്തിപ്പ് ചെലവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 2772/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24.11.2011.

പരാമർശം:- കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2011-ലെ ഇ1-1464/11 നമ്പർ കത്ത്.

## ഉത്തരവ്

2011-ലെ ജില്ലാതല കേരളോത്സവം 2011 ഡിസംബർ 1 മുതൽ നടത്തുന്നതിന് സംസ്ഥാന യുവജനക്ഷേമ ബോർഡ് നിർദ്ദേശിച്ചതായും ഇതിന്റെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 5000/- രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ / മുൻസിപ്പാലിറ്റി 20,000/- രൂപ വീതവും നൽകുന്നതിനും ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 75,000/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല കേരളോത്സവം 2011-ന്റെ സംഘാടന ചെലവിലേയ്ക്കായി അതാത് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ **3000/- (മൂവായിരം രൂപ മാത്രം)** രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ / മുൻസിപ്പാലിറ്റികൾ **10,000/- രൂപ (പതിനായിരം രൂപ മാത്രം)** വീതവും കോർപ്പറേഷനുകൾ **25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം)** രൂപയും അവരുടെ തനത് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിനും ജില്ലാ പഞ്ചായത്തുകൾക്ക് **50,000/- (അൻപതിനായിരം രൂപ മാത്രം)** രൂപ തനത് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേക്ക് ചെലവഴിക്കുന്നതിനും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, (എല്ലാ ജില്ലകളും) - പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും / കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്).
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഇൻഫർമേഷൻ കേരള മിഷൻ
(LSGD വെബ്സൈറ്റിൽ upload/ ചെയ്യുന്നതിന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ